# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3827
### (21.06.2019-ലെ മറുപടിക്ക്)

<u>**വർക്കല സബ്ട്രഷറിക്ക് പുതിയ കെട്ടിടം**</u>

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. വി. ജോയി (ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | വർക്കല സബ്ട്രഷറിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കല സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള DPR സമർപ്പിക്കുന്നതിന് ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതിക കമ്മിറ്റിയുടെ അനുമതിയ്ക്ക് വിധേയമായി സാങ്കേതികാനുമതിയും പുറപ്പെടുവിച്ച് സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കെട്ടിടം പണി എത്ര നാൾ കൊണ്ട് പൂർത്തിയാക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് കരാറുകാരനെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെടേണ്ടതുണ്ട്. പ്രസ്തുത കരാറിൽ തീരുമാനിക്കപ്പെടുന്ന നിർമ്മാണ കാലാവധി പ്രകാരം വർക്കല സബ്ട്രഷറിയുടെ പുതിയ കെട്ടിടം പണി പൂർത്തിയാക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**